**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **22-07-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ-ഡീസൽ-പാചക വാതക വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ-ഡീസൽ-പാചക വാതക വില ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | പെട്രോളിന് ലിറ്ററിന് 30.08% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും ഡീസലിന് ലിറ്ററിന് 22.76% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും, പാചകവാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 9%-വും ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 2.5%-ഉം എന്നിങ്ങനെയാണ് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി നിരക്ക്. |
| (സി) | പ്രസ്തുത നികുതിയിൽ ഇളവ് വരുത്തുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകാവുന്ന നഷ്ടം മറ്റ് രീതിയിൽ ക്രമീകരിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാമോ; | (സി) | നിലവിൽ പെട്രോളിയം ഉല്പന്നങ്ങൾക്ക് കേരള പൊതുവില്പന നികുതി നിയമ പ്രകാരമാണ് നികുതി ചുമത്തുന്നത്. പെട്രോളിന് ചുമത്തുന്ന നികുതി 30.08%-വും ഡീസലിന് ചുമത്തുന്ന നികുതി 22.76%-വും ആണ്. എന്നാൽ ചരക്കുസേവന നികുതി നിയമ പ്രകാരം സംസ്ഥാനത്തിന് പരമാവധി ചുമത്താവുന്ന നികുതി 28% (14% CGST + 14% SGST) മാത്രമാണ്. അതിനാൽ മേൽ നിരക്കുകളിലെ വ്യത്യാസത്തിന് ആനുപാതികമായി പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുമുള്ള നികുതി വരുമാനത്തിൽ കുറവ് വരുന്നതാണ്. ഇപ്രകാരം നികുതി വരുമാനത്തിൽ വരുന്ന കുറവ് കേന്ദ്ര സർക്കാർ നികത്തിയില്ലെങ്കിൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ബാധിക്കുന്നതാണ്. ചരക്കുസേവന നികുതി നിയമപ്രകാരം |

| | | | |
|---|---|---|---|
| | | | നികുതിച്ചുമത്തിയിരിക്കുന്ന ഉൽപന്നങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിന് സംസ്ഥാനത്തിനു മാത്രമായി തീരുമാനം കൈക്കൊള്ളാൻ കഴിയുകയില്ല. ചരക്കുസേവന നികുതി നിയമപ്രകാരം നികുതി പരിഷ്കരിക്കുന്നതിന് ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയോടുകൂടി മാത്രമേ കഴിയുകയുള്ളൂ. |
| (ഡി) | കോവിഡ് മഹാമാരിയിൽ കഷ്ടതയനുഭവിക്കുന്ന സാധാരണക്കാരായവർക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ ഇത്തരം നികുതിയിളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | നിലവിൽ പെട്രോളിയം ഉല്പന്നങ്ങൾക്ക് കേരള പൊതുവില്പന നികുതി നിയമ പ്രകാരമാണ് നികുതി ചുമത്തുന്നത്. പെട്രോളിന് ചുമത്തുന്ന നികുതി 30.08%-വും ഡീസലിന് ചുമത്തുന്ന നികുതി 22.76%-വും ആണ്. എന്നാൽ ചരക്കുസേവന നികുതി നിയമ പ്രകാരം സംസ്ഥാനത്തിന് പരമാവധി ചുമത്താവുന്ന നികുതി 28% (14% CGST + 14% SGST) മാത്രമാണ്. അതിനാൽ മേൽ നിരക്കുകളിലെ വ്യത്യാസത്തിന് ആനുപാതികമായി പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുമുള്ള നികുതി വരുമാനത്തിൽ കുറവ് വരുന്നതാണ്. ഇപ്രകാരം നികുതി വരുമാനത്തിൽ വരുന്ന കുറവ് കേന്ദ്ര സർക്കാർ നികത്തിയില്ലെങ്കിൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ബാധിക്കുന്നതാണ്. ചരക്കുസേവന നികുതി നിയമപ്രകാരം നികുതിച്ചുമത്തിയിരിക്കുന്ന ഉൽപന്നങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിന് സംസ്ഥാനത്തിനു മാത്രമായി തീരുമാനം കൈക്കൊള്ളാൻ കഴിയുകയില്ല. ചരക്കുസേവന നികുതി നിയമപ്രകാരം നികുതി പരിഷ്കരിക്കുന്നതിന് ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയോടുകൂടി മാത്രമേ കഴിയുകയുള്ളൂ. |
| (ഇ) | 2011-16, 2016-21 കാലയളവിൽ ഇപ്രകാരം നികുതിയിളവ് നൽകിയിരുന്നോ എന്നും എത്ര പ്രാവശ്യം നികുതിയിളവ് നൽകി എന്നും എത്ര രൂപ ഇപ്രകാരം കുറവ് വരുത്തിയിരുന്നു എന്നും അറിയിക്കുമോ; | (ഇ) | 2011-16 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. പെട്രോളിന്റെയും ഡീസലിന്റെയും നികുതി നിരക്ക് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയിരുന്നു. തുടർന്ന് 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും |

| | | | |
|---|---|---|---|
| | | | 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. 2016-ന് ശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. നികുതി നിരക്ക് കുറച്ചതിന്റെ ഭാഗമായി മേല്പറഞ്ഞ കാലയളവുകളിൽ പെട്രോളിന്റെയും ഡീസലിന്റെയും വിലയിലുണ്ടായ ഇളവ് അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | ഇപ്രകാരം നികുതിയിളവ് നൽകിയതിലൂടെ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം വ്യക്തമാക്കുമോ? | (എഫ്) | നികുതി നിരക്കിൽ കുറവ് വരുത്തിയതുമൂലം 2011 മുതൽ 2016 വരെ 375.75 കോടി രൂപ പെട്രോളിലും 243.42 കോടി രൂപ ഡീസലിലും വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. 2016 മുതൽ 2020-21 വരെ 566.17 കോടി രൂപ പെട്രോളിലും 767.8 കോടി രൂപ ഡീസലിലും നികുതി നിരക്കിൽ കുറവ് വരുത്തിയതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ